**സബ്മിഷൻ**

(1) സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം

ഡോ. എം. കെ. മുനീർ: സർ, 07-04-2021-ൽ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ചൊക്ലി സ്റ്റേഷൻ പരിധിയിൽ പുല്ലൂർകരയിൽ 23 വയസ്സുകാരൻ മൻസൂർ എന്ന യുവാവ് അതിദാരുണമായി കൊല്ലപ്പെട്ടു. ഇതുസംബന്ധിച്ച് ചൊക്ലി സ്റ്റേഷൻ പരിധിയിൽ ക്രൈം നമ്പർ 118/2001 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതും അതുപോലെ ക്രൈം നമ്പർ 106/സി.ബി.-കണ്ണൂർ ആന്റ് കാസർഗോഡ് എന്ന പേരിൽ ക്രൈം ബ്രാഞ്ച് കണ്ണൂർ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് ഇപ്പോൾ തലശ്ശേരി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പെൻഡിംഗിലാണ്. ഇതിൽ പ്രതിയായ ജാഫിർ പി. പി. എന്നയാളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അയാളുടെ ഫോൺ ഓൺ ആണ് എല്ലാ ദിവസവും മൊബൈൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. എന്നിട്ടും പോലീസിന് പ്രതിയെ ട്രെയിസ് ചെയ്ത് അറസ്റ്റ് ചെയ്യാൻ കഴിയുന്നില്ല. അദ്ദേഹത്തെക്കുറിച്ച് പോലീസ് കോടതിയിൽ പറഞ്ഞത് അബ്സ്കോണ്ടിംഗ് എന്നാണ്. എന്നാൽ അതേ വ്യക്തി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ നിരന്തരം കത്ത് അയയ്ക്കുന്ന നാട്ടിൽത്തന്നെയുണ്ടെന്ന് കത്തിൽ പറയുന്നു.

ഈ പ്രതിയെ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന ഒരു സംശയം നിലനില്ക്കുന്നു. അങ്ങ് മുൻകയ്യെടുത്ത് അറസ്റ്റ് ഉറപ്പുവരുത്തണം. രണ്ടാമത്തേത് തലശ്ശേരി സെഷൻസ് കോടതിയിൽ പ്രതിയുടെ ജാമ്യ ഹർജി പരിഗണിക്കുമ്പോൾ, പബ്ലിക് പ്രോസിക്യൂട്ടർ പ്രതികളോട് ആ കുടുംബത്തിന് നീതി ലഭിക്കുമെന്ന് പറഞ്ഞു. എന്നാൽ ഇദ്ദേഹമാണ് പബ്ലിക് പ്രോസിക്യൂട്ടറെങ്കിൽ നീതി ലഭിക്കില്ലെന്ന് ആ കുടുംബം കരുതുന്നു. അതുകൊണ്ട് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് മൻസൂറിന്റെ മാതാവ് ഇവിടെ വന്നിരുന്നു. ശ്രീമതി ഷക്കീന ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് നിവേദനം നല്കിയിട്ടുണ്ട്. അഡ്വ. സി. കെ. ശ്രീധരൻ, ഹോസ്ദുർഗ് കാസർഗോഡ്- ഇദ്ദേഹത്തെ സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിക്കണമെന്ന ആ മാതാവിന്റെ ആവശ്യംകൂടി അംഗീകരിക്കണം. ഈ രണ്ട് ആവശ്യങ്ങൾ അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കണ്ണൂർ മങ്ങാരത്തുപീടികയിൽ 6-4-2021-ൽ നടന്ന സംഘർഷത്തെത്തുടർന്ന് മൻസൂർ മരണപ്പെട്ട സംഭവത്തിൽ ചൊക്ലി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 118/2021 ആയി കേസ്

രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. 12 പ്രതികളുൾപ്പെട്ട ഈ കേസിലെ 10 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയുമാണ്. രണ്ടാം പ്രതി 8-4-2021-ന് കോഴിക്കോട് കിഴക്കേചാൽ എന്ന സ്ഥലത്ത് കെട്ടിത്തൂങ്ങി മരണപ്പെട്ട നിലയിൽ കാണുകയുണ്ടായി. ഈ വിഷയം വളയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 65/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 118/2021-ാം നമ്പർ കേസിലെ ഏഴാം പ്രതിയെ പിടികൂടുന്നതിനുള്ള ഊർജ്ജിതശ്രമം നടന്നുവരികയാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികളെ പിടികൂടാനുള്ള ശ്രമം ശക്തിപ്പെടുത്തുന്നതുമാണ്. കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ടതുണ്ടോ എന്നകാര്യം നിലവിൽ പരിശോധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ആ കാര്യം പരിശോധിക്കുന്നതാണ്.

(2) കർണ്ണാടക സംസ്ഥാനത്തിലേക്കുള്ള പ്രവേശന നിയന്ത്രണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം മണ്ഡലത്തിലെ അതിർത്തി വീണ്ടും സംഘർഷഭരിതമാണ്. അതിർത്തിയിലെ ജനങ്ങൾ മുഴുവൻ ആശങ്കയിലാണ്. കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടിയിൽ കർണ്ണാടക സർക്കാർ രണ്ടാം തീയതി മുതൽ വീണ്ടും അതിർത്തി അടച്ചിട്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ, പ്രത്യേകിച്ച് മഞ്ചേശ്വരം താലൂക്കിലെ ജനങ്ങൾ വിദ്യാഭ്യാസ-ആരോഗ്യ-വ്യാപാര ആവശ്യങ്ങൾക്ക് കാലങ്ങളായി, പരമ്പരാഗതമായി മംഗലാപുരം നഗരത്തെയാണ് ആശ്രയിക്കുന്നത്. എന്റെ പ്രദേശത്തെ 50 ശതമാനം ആളുകളുടെ ജനന-മരണ സർട്ടിഫിക്കറ്റുകൾ മംഗലാപുരം കോർപ്പറേഷനിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. മംഗലാപുരത്ത് കോവിഡ് വർദ്ധിക്കാനുള്ള കാരണം അതിർത്തിയിലെ ജനങ്ങളാണെന്ന കാരണം പറഞ്ഞുകൊണ്ടാണ് അതിർത്തി അടച്ചിട്ടിരിക്കുന്നത്. ഈ കാരണംകൊണ്ട് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ, ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾ, കാൻസർ രോഗികൾ, പ്രസവ ചികിത്സയ്ക്കായിപോകുന്നവർ, ജോലി ആവശ്യത്തിനായി പോകുന്നവർ, തൊഴിലാളികൾ, വിമാനത്താവളത്തിലേക്ക്

പോകുന്നവരുൾപ്പെടെയുള്ളവർ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് വളരെ പ്രയാസത്തിലാണ്. വിദ്യാർത്ഥികൾക്കാണെങ്കിൽ പരീക്ഷ എഴുതാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. കർണ്ണാടകയിൽ കോവിഡ് രോഗികൾ വളരെ കൂടുതലാണ്. മംഗലാപുരത്ത് ഞാൻ പോയ സന്ദർഭത്തിലൊക്കെ അവിടെ മാസ്ക് ധരിക്കാതെ വളരെ കെയർലെസ്സായാണ് ആളുകൾ സഞ്ചരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. അവിടെ നിയന്ത്രണമില്ലാത്തതിനാലാണ് മംഗലാപുരത്ത് കോവിഡ് വർദ്ധിച്ചത്. കേരളത്തിൽനിന്നുള്ളവരെല്ലാം കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചാണ് അവിടെ പോകുന്നത്. മംഗലാപുരം നഗരത്തിൽ മാസ്ക് ധരിക്കാത്തതിന്റെ പേരിലാണ് ഈയൊരു പ്രശ്നമുണ്ടായത്. 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവത്തോടുകൂടി ഇടപെട്ടൊരു കാര്യമാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്ത് അതിർത്തി അടച്ചതിന്റെ പേരിൽ 22 ജീവനാണ് അതിർത്തിയിൽ പിടഞ്ഞ് മരിച്ചത്. ഇന്ന് അവിടെ അതിശക്തമായ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ആളുകളും സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം കർണ്ണാടക ഹൈക്കോടതിയിൽ കാസർഗോഡുകാരനായ അഡ്വ. സുബയ്യ റായ്

സമർപ്പിച്ച കേസ്സിൽ 'അതിർത്തി അടയ്ക്കരുതെന്ന' കർണ്ണാടക ചീഫ് ജസ്റ്റിസ് അഭയ് ശ്രീനിവാസ് ഓഖ പുറപ്പെടുവിച്ച ഉത്തരവ് നിലനില്ക്കുന്നുണ്ട്. കേരള സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതുപോലെ ലണ്ടനിലേയ്ക്കും ജി.സി.സി. രാഷ്ട്രങ്ങളിലേയ്ക്കും രണ്ട് ഡോസ് വാക്സിൻ എടുത്തവർക്ക് പോകാൻ അവസരം ലഭിക്കുമ്പോൾ കർണ്ണാടക മുഖ്യമന്ത്രി പറയുന്നത് രണ്ട് ഡോസ് വാക്സിൻ എടുത്തിട്ടാണെങ്കിലും കേരളീയർ എന്റെ സ്റ്റേറ്റിലേക്ക് വരാൻ പാടില്ല, നിർബന്ധമായും 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിവരണമെന്നാണ്. ഒരു കാര്യം കൂടി, ബാംഗ്ലൂരിൽനിന്ന് മംഗലാപുരത്തേയ്ക്ക് ട്രെയിനിൽ വന്ന കേരളീയരെ മംഗലാപുരം ടൗൺഹാളിൽ ക്വാറന്റൈൻ ഏർപ്പെടുത്തി ബുദ്ധിമുട്ടിക്കുന്ന ഒരവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. എന്റെ നാട്ടിലെ വിദ്യാർത്ഥികൾക്ക്, രോഗികൾക്ക്, നിത്യേന പോകുന്ന ആളുകൾക്ക് മംഗലാപുരത്തേയ്ക്ക് പോകാനുള്ള അവസരമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡുള്ള ആളുകളുടെ പ്രത്യേകിച്ച്, മഞ്ചേശ്വരം ഭാഗത്തുള്ളവരുടെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കേരളത്തിൽനിന്നും കർണ്ണാടകത്തിലേക്ക് യാത്ര ചെയ്യുന്നവർക്ക് 72 മണിക്കൂറിനുള്ളിൽ കോവിഡ് ആർ.ടി.പി.സി.ആർ. നെഗറ്റീവ് സർട്ടിഫിക്കറ്റ് കർണ്ണാടക സർക്കാർ നിർബന്ധമാക്കിയിരിക്കുന്നു. ആഗസ്റ്റ് 2 മുതൽ തലപ്പാടിയിലെ അതിർത്തി ചെക്ക്പോസ്റ്റിൽ കർണ്ണാടകയിലെ ഉദ്യോഗസ്ഥർ ഇതിനായുള്ള പരിശോധന കർശനമാക്കിയിട്ടുണ്ട്. അതിന്റെ പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിവരിച്ചത്. പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണം ചികിത്സയ്ക്കായി പോകുന്നവർക്കും അവശ്യസേവന മേഖലയിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പോലീസ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. കാസർഗോഡുനിന്ന് സ്ഥിരമായി മംഗലാപുരത്തേക്ക് പോയിവരുന്ന യാത്രക്കാർക്ക് മുൻഗണന നൽകി ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിന് അതിർത്തിയിൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഒരു ഉത്തരവിലൂടെ മാറ്റാവുന്ന കാര്യമല്ലയത്. അതുകൊണ്ട് നമുക്കിവിടെ ചെയ്യാൻ കഴിയുന്ന സൗകര്യങ്ങൾ

നാം ചെയ്യുക. രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് അതിനുള്ള അനുമതി നൽകുന്നതാണ്. യാത്രയ്ക്കായി ചെക്ക്പോസ്റ്റിൽ എത്തുന്നവരുടെ സംശയദൂരീകരണത്തിനും ക്രമസമാധാനപാലനത്തിനും ആവശ്യമായ പോലീസിനെയും നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേക്കുമുള്ള യാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തി അതിർത്തികൾ അടയ്ക്കാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കർണ്ണാടക സർക്കാർ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. കർണ്ണാടക സർക്കാരിന്റെ ഈ നടപടിമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നടത്തിയ ആശയവിനിമയത്തെത്തുടർന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് കർണ്ണാടക സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചരീതിയിൽ കർണ്ണാടകയുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(3) കൈവശഭൂമിക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: സർ, സമാനമായ ഈ പ്രശ്നത്തെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയത് പരാമർശിക്കുന്നു. റവന്യൂ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് നടത്തികൊണ്ടിരിക്കുന്നതും വിഭാവന ചെയ്യുതുമായ പദ്ധതികളെ പ്രത്യേകം പരാമർശിക്കുകയും ചെയ്യുന്നു. വൈത്തിരി താലൂക്കിൽപ്പെട്ട വെള്ളരിമല, കോട്ടപ്പടി, തരിയോട്, ചുണ്ടേൽ തുടങ്ങി എല്ലാ വില്ലേജുകളിലും എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള ഗൗരവമായ പ്രശ്നം, ഭൂമി കൈവശം വച്ചുവരുന്നവരും ആയതിൽ വീട് നിർമ്മിച്ചവരും കാർഷികവൃത്തി നടത്തിക്കൊണ്ടിരിക്കുന്നവരുമായ ആയിരക്കണക്കിന് ആളുകൾക്ക് പട്ടയവും കൈവശരേഖകളും ലഭിക്കാത്തതും നേരത്തെ സ്വീകരിച്ചിരുന്ന നികുതി ഇപ്പോൾ എടുക്കാത്തതുമായ പ്രശ്നങ്ങൾ ഗൗരവത്തോടുകൂടി കണ്ട് പരിഹാരമുണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഇത്തരം ഭൂമിയിൽ നിലവിലുള്ള ഭവനങ്ങൾക്ക് നമ്പർ നൽകുവാനോ മറ്റ് ക്രയവിക്രയങ്ങൾ നടത്തുവാനോ സാധിക്കുന്നില്ല. വിദ്യാഭ്യാസ ലോൺ ഉൾപ്പെടെയുള്ള ലോണുകളെടുക്കാൻ സാധിക്കുന്നില്ല.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത വെരിഫിക്കേഷൻ നടത്തിയ സ്ഥലത്തുപോലും ഇത് സാദ്ധ്യമല്ലാത്തതായ ഗൗരവമായ പ്രശ്നം നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സീലിംഗ് ലിമിറ്റിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് ഭൂമി അവരുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം നൽകാനുള്ള നടപടികൾ, ഭൂമിയുടെ അളവ് ഇപ്പോഴുള്ള ഉടമയുടേതായി പരിഗണിക്കാൻ ഒറിജിനൽ ഡിക്ലറന്റിന്റെ കൈവശഭൂമി പരിഗണിച്ചാവരുത് എന്നുള്ളതും പ്രത്യേകം പരാമർശിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് കെ.എൽ.ആർ. സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കണമെന്നുള്ളത് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്ന ഭൂഉടമകൾക്ക് ഭൂമി ക്രയവിക്രയം ചെയ്യുവാനും വീട് വയ്ക്കാനും ലോണെടുക്കുവാനും കെട്ടിടം നിർമ്മിക്കാനുമുള്ള അവകാശം നൽകാനുള്ള തീരുമാനമുണ്ടാകണം. വലിയ പ്ലാന്റേഷനുകൾക്കും ഭൂപരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവർ  അല്ലാത്തവരുമായ ആളുകൾക്ക് ഭൂമിയിൽ വീട് വയ്ക്കാൻ, കെട്ടിടം പണിയാൻ, ഭൂമി ക്രയവിക്രയം ചെയ്യാൻ, ലോണെടുക്കാൻ ഇതിന് തടസ്സമില്ലാതിരിക്കാനുള്ള നടപടികളുണ്ടാകണം. നികുതി ചീട്ടും

കൈവശ സർട്ടിഫിക്കറ്റും മറ്റ് റവന്യൂ റെക്കോർഡുകളും നൽകാനാവശ്യമായ നടപടികളുണ്ടാകണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ റീ-ഓപ്പൺ ചെയ്തതും എടുത്തതുമായ ടി.എൽ.ബി. കേസുകൾ പിൻവലിക്കാനുള്ള നടപടികൾ ഉൾപ്പെടെ ഇക്കാര്യത്തിൽ അങ്ങ് എടുത്തുകൊണ്ടിരിക്കുന്ന പ്രത്യേകമായ താൽപ്പര്യമുണ്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ട് യോഗങ്ങൾ പ്രത്യേകം വിളിച്ചുചേർത്തിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികളെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളെല്ലാം വളരെയേറെ ഗൗരവപ്പെട്ടതാണ്. അതേ ഗൗരവത്തിൽതന്നെ റവന്യൂ വകുപ്പ് അതിനെ എടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം നിരവധി പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. എഴുതി നൽകിയ പ്രശ്നങ്ങൾക്ക് മാത്രമാണ് സബ്മിഷനിലൂടെ മറുപടി പറയുന്നതെങ്കിലും അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേകമായി യോഗം ചേരാനുമുള്ള സൗകര്യമൊരുക്കുന്നതാണ്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട കോട്ടപ്പടി, ചുണ്ടേൽ വില്ലേജുകളിൽ പതിറ്റാണ്ടുകളായി ഭൂമി

കൈവശം വച്ചുവരുന്ന ധാരാളം പേർക്ക് പട്ടയം ലഭ്യമായില്ലെന്ന പ്രശ്നം ഗൗരവമായിട്ടാണ് സർക്കാർ കാണുന്നത്. ഇവരെല്ലാംതന്നെ 01.01.1977-ന് മുമ്പ് ഭൂമി കുടിയേറിയവരും ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് ജീവിക്കുന്നവരുമാണ്. സ്വാഭാവികമായും 1993-ലെ ചട്ടപ്രകാരമാണ് ഇവർക്ക് ഭൂമിയിൽ പട്ടയം അനുവദിക്കേണ്ടത്. വയനാട് ജില്ലയിൽ 01-01-1977-ന് മുമ്പുതന്നെ വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റവന്യൂ, വനം, സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കുകയും ജിഗിൾ മാപ്പിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ഡാറ്റ അപ്‌ലോഡ് ചെയ്ത് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായാൽ മാത്രമേ വനഭൂമി പട്ടയം വിതരണം നടത്താനാകൂ. അതുകൊണ്ടുതന്നെ വനം, റവന്യൂ വകുപ്പുകൾ ഒപ്പുവച്ച സ്കെച്ചോടുകൂടി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. സ്കെച്ചുകൾ ഒപ്പുവയ്ക്കുന്നതിനായി ഇപ്പോൾ വനം വകുപ്പിന് ഇതെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. അത് ലഭിച്ചാലുടൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത് കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇക്കാര്യത്തിൽ അങ്ങ് ആവശ്യപ്പെട്ടതുപോലെ കൽപ്പറ്റ മണ്ഡലത്തിലെ വിഷയങ്ങളെ മാത്രം പ്രതിപാദിക്കുന്ന പ്രത്യേകയോഗം റവന്യൂ വകുപ്പുമന്ത്രിതന്നെ നേരിട്ട് നടത്തുന്നതാണ്.

(4) കർഷകർക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി രണ്ടാം വില്ലേജിൽ ചൂരുപാറ, മണ്ണെണ്ണക്കയം പ്രദേശത്ത് നൂറുകണക്കിന് മലയോര കർഷകരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കാത്ത പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. യൂട്ടിലിറ്റി കമ്പനിയുടെ പേരിലുണ്ടായിരുന്ന 2313 ഏക്കറിലധികം ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചതാണ്. പ്രസ്തുത ഭൂമിയിൽ ഒരേക്കർ വീതം പതിച്ചുനൽകുന്നതിന് ആദ്യഘട്ടത്തിൽ 151 പേർക്കും രണ്ടാംഘട്ടത്തിൽ 300 പേർക്കും റവന്യൂ വകുപ്പുതന്നെ ഓഫർ ലെറ്റർ കൊടുത്തു. അവരിൽ പലർക്കും ഡീഡ് ഓഫ് അസൈൻമെന്റും കളക്ടർ വിതരണം ചെയ്തതാണ്. അതിനുശേഷം ഒരു നടപടിയും എടുത്തിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലതവണ ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പത്ത് റവന്യൂ സർവ്വേയർമാരെയും മൂന്ന് വനംവകുപ്പ് സർവ്വേയർമാരെയും സ്പെഷ്യൽ ടീമായി

ഗവൺമെന്റ് നിയോഗിക്കുകയും ചെയ്തു. പക്ഷേ ചില വൻകിട കർഷകർ ഇതിൽ തർക്കമുന്നയിച്ച്, വനം വകുപ്പിനെക്കൂടി കൂട്ടുപിടിച്ച് ഇടംകോലിട്ടെങ്കിലും അതെല്ലാം പിന്നീട് സർവ്വകക്ഷിയോഗം വിളിച്ച് പരിഹരിച്ച് സർവ്വേ ആരംഭിച്ചു. പക്ഷേ പ്രളയം വന്നപ്പോൾ ആ കാരണം പറഞ്ഞ് ഈ സർവ്വേ ടീമിനെ റവന്യൂ വകുപ്പ് പിൻവലിച്ച് മറ്റു പല ജില്ലകളിലേക്കും  കൊണ്ടുപോയി. ഇപ്പോൾ നാമമാത്ര കൈവശക്കാർ കാത്തിരിക്കുകയാണ്. മുപ്പതും നാല്പതും  സെന്റ് ഭൂമി മാത്രം കൈവശമുള്ളവർക്കുപോലും ഈ പട്ടയം ലഭ്യമാക്കാത്ത പ്രശ്നം നിൽക്കുകയാണ്. വനം വകുപ്പിന്റെ ഒരു തർക്കവുമില്ല, വ്യക്തികൾ തമ്മിൽ തടസ്സവുമില്ല, മിച്ചഭൂമിയാണ്. അളന്നുകഴിഞ്ഞ കുറെ ഭൂമിയുണ്ട്. ആ  ഭൂമിയുടെ പട്ടയം ഉടൻ കൊടുക്കുക. ഒരു തർക്കവുമില്ലാത്ത റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ മാത്രം വരുന്ന ഭൂമിയുണ്ട്. അത് എത്രയും പെട്ടെന്ന് അളന്ന് തിട്ടപ്പെടുത്തി മിച്ചഭൂമി പട്ടയം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നം നേരത്തെയും ഇതേ

സഭയിൽത്തന്നെ, പ്രത്യേകിച്ച് കഴിഞ്ഞ സമ്മേളനത്തിൽ പല തവണ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അംഗം പ്രത്യേകമായ താൽപ്പര്യം കാണിക്കുന്നത് അഭിനന്ദനാർഹമാണ്. ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി 1, 2 വില്ലേജുകളിലായി പഴയ സർവേ നമ്പർ 1/1A-യിൽപ്പെട്ടതും ആലത്തൂർ താലൂക്ക് ലാന്റ് ബോർഡിന്റെ 31.12.2010-ലെ CC785/73 നമ്പർ പ്രകാരം അന്യകൈവശത്തോടെ ഏറ്റെടുത്തതുമായ 2313.55 ഏക്കർ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ യഥാസമയം നടപ്പിലാക്കുന്നതിനായി, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, 2017 ആഗസ്റ്റ് മാസത്തിൽ പതിമൂന്ന് സർവേയർമാരെ നിയോഗിച്ചെങ്കിലും ഫണ്ടിന്റെ അഭാവവും പ്രദേശവാസികളുടെ നിസ്സഹകരണവും കാരണം സർവേ നടപടികൾ 2018 ജനുവരി മാസത്തിലാണ് ആരംഭിക്കാൻ കഴിഞ്ഞത്. നിലവിൽ അറുപത്തിയൊന്ന് ശതമാനം സർവേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം പതിച്ച് കൊടുക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരുന്ന

കക്ഷികൾക്കെതിരെ കെ.എൽ.സി. നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വർഷങ്ങളായി കൃഷി ചെയ്തുവരുന്ന ഭൂമിയായതിനാലും മിച്ചഭൂമി ഏറ്റെടുക്കുന്ന വേളയിൽത്തന്നെ അന്യകൈവശമായതിനാലും വനഭൂമിയുമായി ചേർന്ന് കിടക്കുന്ന മിച്ചഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാലും കെ.എൽ.സി. നടപടികൾ കൈക്കൊള്ളുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ചെങ്കുത്തായ മലപ്രദേശത്ത് നിർത്തിവയ്ക്കപ്പെട്ട സർവേ പുനരാരംഭിക്കുന്നതിന് പതിനഞ്ച് സർവേയർമാരെയും അഞ്ച് ഫോറസ്റ്റ് സർവേയർമാരെയും നിയോഗിക്കാൻ ജില്ലാ സർവേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും നിലവിലുള്ള കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പ്രസ്തുത സർവേ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് സർവേയർമാരെ നിയമിച്ച് ടി സർവേ നടപടികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ചേർന്ന എം.എൽ.എ.-മാരുടെ യോഗത്തിൽ പ്രത്യേകമായി

ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അടിയന്തരമായി നടപ്പിലാക്കാനാവശ്യമായ നടപടികളെടുക്കുന്നതാണ്.

(5) <u>കർഷകരുടെ കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ജനകീയ വിഷയമാണ് എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽവാലി, പമ്പാവാലി, മൂക്കംപെട്ടി പ്രദേശങ്ങളിലെ ആയിരത്തോളം വരുന്ന കൃഷിക്കാർക്ക് പതിറ്റാണ്ടുകളായി പട്ടയം ലഭിക്കാത്ത പ്രശ്നം. ആ പ്രദേശത്ത് 536.43 ഹെക്ടർ സ്ഥലം തിരു-കൊച്ചി ഗവൺമെന്റിന്റെ 01.10.1955-ലെ F4/1405/54 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന് കൈമാറുകയും അന്നത്തെ ഗവൺമെന്റിന്റെ 'Grow More Food' പദ്ധതി പ്രകാരം റവന്യൂ വകുപ്പ് കൃഷിക്കാർക്കും വിമുക്ത ഭടന്മാർക്കും കൈവശം നൽകിയിരുന്നതുമാണ്. ആ ഭൂമി അന്നുമുതൽ അവർ കൈവശം വച്ച് അനുഭവിക്കുകയും ഇന്ന് ആയിരത്തോളം കുടുംബങ്ങൾ അവിടെ പാർക്കുകയും ചെയ്യുന്നു. വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ, ഹൈസ്കൂൾ, പോസ്റ്റോഫീസ്, ആയുർവേദാശുപത്രി, സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇന്ന് അവിടെ പ്രവർത്തിക്കുന്നുമുണ്ട്. ആ വസ്തുവിന് കൈവശക്കാർക്ക് പട്ടയം നൽകണമെന്ന് ബഹുമാനപ്പെട്ട കേരള

ഹൈക്കോടതി റിട്ട് പെറ്റീഷൻ 30670/2004 പ്രകാരം 24.06.2009-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം 2016-ൽ 855 പേർക്ക് പട്ടയം നൽകുകയുമുണ്ടായി. ബാക്കിയുള്ളവരുടെ പട്ടയം തയ്യാറാക്കുകയും ചെയ്തു. എന്നാൽ പിന്നീട് തണ്ടപ്പേർ പിടിച്ച് കരമടയ്ക്കാൻ അവർക്ക് കഴിഞ്ഞില്ല. കാരണം റീസർവേ ഡിപ്പാർട്ടുമെന്റ് എരുമേലി തെക്ക് വില്ലേജിലെ 82-ാം നമ്പർ ബ്ലോക്ക് ReLIS (Revenue Land Information System) സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതിനാലാണ്. ഈ പ്രശ്നം വളരെ ഗൗരവമായി കണ്ട്, ഈ ആളുകൾക്ക് പട്ടയം നൽകാൻ കഴിയുന്നതാണ് എന്ന നിലയിൽ വനഭൂമിയുടെ തടസ്സമില്ല എന്നുള്ള റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിച്ചിട്ടുള്ളതും ഇവർക്ക് പട്ടയം അനുവദിച്ചുകൊണ്ട് 27.01.2011-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗൗരവമായി ഇത് പരിഗണിച്ച് 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ സെക്ഷൻ 24 പ്രകാരം ആ പ്രദേശത്തെ കൈവശക്കാരായ കൃഷിക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ

ഉന്നയിക്കുന്ന വിഷയം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ സർക്കാർ വളരെ ഗൗരവത്തോടെ എടുക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ടതും എയ്ഞ്ചൽവാലി, പമ്പാവാലി, കണമല, മുക്കംപെട്ടി തുടങ്ങിയ പ്രദേശങ്ങളിലെ കർഷകർ 1947-1953 കാലഘട്ടം മുതൽ കൈവശം വച്ച് കൃഷി ചെയ്ത് അനുഭവിക്കുന്ന ഭൂമിക്ക് എത്രയുംവേഗം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച 'Grow More Food' സ്കീമിന്റെ ഭാഗമായി കർഷകർക്ക് നൽകിയിരുന്ന ഭാഗമാണിത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശം 1978-ലാണ് പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെടുത്തിയത്. 28.09.2015-ലെ സ.ഉ.502/2005/റവ. നമ്പർ ഉത്തരവ് പ്രകാരം എരുമേലി തെക്ക് വില്ലേജിൽ പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെട്ട പമ്പാവാലി പ്രദേശത്തുള്ള 904

പേർക്ക് പട്ടയം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പട്ടയങ്ങൾക്ക് നിയമസാധുത ഇല്ലാത്തതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ്, 1980 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ്, 1980 പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ വനഭൂമിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലത്തിന്റെ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അനുമതിയോടുകൂടി ഡീ റിസർവ് ചെയ്തതിനുശേഷം ടി പ്രദേശങ്ങളിൽ കൈവശക്കാർക്ക് പട്ടയം നൽകാൻ സാധിക്കും. സംയുക്ത പരിശോധന നടത്താതെതന്നെ മുൻകാലത്ത് നൽകിയിട്ടുള്ള സംയുക്ത പരിശോധനാ വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്ന കാര്യം ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് ഭൂമിയുടെ കൈവശക്കാരായ കർഷകർക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർത്ത് നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(6) റഗുലേറ്ററുകളുടെ പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ മുപ്പതിനായിരം ഏക്കർ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറാതെ കൃഷി സംരക്ഷിക്കാനും മഴക്കാലത്ത് വരുന്ന അധിക ജലം പുറത്തുവിട്ട് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമാവശ്യമായ വിധത്തിൽ 1957-ൽ പ്രഥമ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മിച്ച ഏനാമാക്കൽ റഗുലേറ്റർ, പിന്നീട് ഇ. കെ. നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഇടിയഞ്ചിറ റഗുലേറ്റർ എന്നീ രണ്ട് റഗുലേറ്ററുകളും കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. ഇതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് ഓരോ വർഷവും ഈ റഗുലേറ്ററിനുമുന്നിൽ താൽകാലിക ബണ്ട് നിർമ്മിച്ചാണ് കൃഷി സംരക്ഷിച്ചുവരുന്നത്. 2018-ലെ പ്രളയജലം പുറത്ത് വിടാൻതന്നെ വളരെയധികം പ്രയാസം നേരിട്ട ഒരു സ്ഥിതിവിശേഷമുണ്ടായി. അതുണ്ടാക്കിയ പ്രശ്നങ്ങൾ നിരവധിയാണ്. ഇതിന് പരിഹാരമായിട്ടാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ RKI (Rebuild Kerala Initiative)-ൽ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് റഗുലേറ്ററുകളുടെയും പുനർനിർമ്മാണത്തിനാവശ്യമായ 11.78 കോടി

രൂപയുടെ ഭരണാനുമതി ലഭിച്ചത്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാലവർഷം കഴിഞ്ഞ് ജലനിരപ്പ് താഴ്ന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു വർഷംകൂടി നഷ്ടപ്പെടുകയാണ്. അതുണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്. യന്ത്രവൽകൃത യുഗത്തിൽ മോട്ടോർ സംവിധാനത്തോടുകൂടിയുള്ള ഷട്ടറുകളുടെ പുനർനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടിയെടുക്കണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് മണലൂർ മണ്ഡലത്തിലെ മാത്രം പ്രശ്നമല്ല, തൃശ്ശൂർ ജില്ലയിൽ മൊത്തം വരുന്ന പ്രശ്നമാണ്. ആ ഗൗരവത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി വേണമെന്നാണ് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മെമ്പർ മുരളി പെരുനെല്ലി ഉന്നയിച്ച ഈ വിഷയം അതീവ ഗൗരവമുള്ളതുതന്നെയാണ്. കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും വർഷകാലത്ത് അധിക ജലം പുറത്തേയ്ക്ക് വിടുന്നതിനുംവേണ്ടി നിർമ്മിച്ചിട്ടുള്ള ഈ റഗുലേറ്ററുകൾ കാലപ്പഴക്കം വന്നതിനാൽ

പ്രവർത്തനക്ഷമമല്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതിന്റെ പശ്ചാത്തലത്തിലാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഈ കാര്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് അനുവദിക്കപ്പെട്ടത്. തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 6.46 കോടി രൂപയുടെയും 5.32 കോടി രൂപയുടെയും ഭരണാനുമതി നൽകി. ഏനാമാക്കൽ റഗുലേറ്ററിന്റെ പ്രവൃത്തി മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ലഭിക്കാത്തതിനാൽ 02.08.2021-ന് ടെണ്ടർ തുറക്കത്തക്ക വിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പൊഴിയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യം ഉണ്ടാകുമ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടറുകൾ ഏറ്റെടുക്കാൻ കഴിയാതെ വരുന്ന ഒരു സ്ഥിതിവിശേഷമുണ്ടെന്നതാണ് ഇവിടെ കാണുന്ന പ്രധാന വിഷയം. എന്നാൽ ആവശ്യമായ ഭരണാനുമതിയും സാങ്കേതിക

പരിശോധനകളുമെല്ലാം പൂർത്തികരിക്കാനും സാധിച്ചു. ഇന്നത്തെ കാലഘട്ടത്തിൽ ഷട്ടറുകൾ തുറക്കുന്നതിന് മോട്ടോർ ഉപയോഗിച്ചുള്ള സംവിധാനമൊക്കെ അനിവാര്യമാണ്. ഇനി ടെണ്ടർ നടപടികളിലേയ്ക്ക് പോകാൻ താമസമുണ്ടാകുകയും ആരും ടെണ്ടർ എടുക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്താൽ ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടും അവിടത്തെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് ഇതര മാർഗ്ഗമെന്തെന്നുള്ളതും ഗവൺമെന്റ് ആലോചിക്കും. ടെണ്ടർ നടപടി സ്വീകരിക്കുകയും ഭരണാനുമതി കൊടുക്കുകയും ചെയ്തുകഴിഞ്ഞാൽ ഇത്രത്തോളം കാലതാമസമുണ്ടാകുന്ന നടപടികൾ ഒരിക്കലും സ്വീകരിക്കാൻ കഴിയുന്നതല്ല. ആൾട്ടർനേറ്റീവായ നടപടികൾ സ്വീകരിച്ച് ഈ കാലവർഷം തീരുന്ന മുറയ്ക്ക് അവിടെ ഈ പ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

(7) <u>പോസ്റ്റ്മെട്രിക് ഹോസ്റ്റൽ</u>

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, തൃശ്ശൂരിലെ അധ:സ്ഥിത ജനവിഭാഗത്തിന്റെ നേതാവും സാമൂഹ്യനീതിയോടൊപ്പം സാമ്പത്തിക നീതിയും അവർക്ക് വേണം എന്നുള്ളതുകൊണ്ട് പിന്നീട് കമ്മ്യൂണിസ്റ്റ്

പാർട്ടിയുടെ നേതാവുമായിത്തീർന്ന കേരള പുലയ മഹാസഭയുടെ സ്ഥാപക നേതാക്കന്മാരിലൊരാളായ പി. കെ. ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള ഒരു അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി തൃശ്ശൂരിൽ സ്ഥലം വിട്ടുകൊടുക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. അദ്ദേഹം 1954-ൽ പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡന്റും 1957-ൽ ചാലക്കുടിയിൽനിന്നും വിജയിച്ച് കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയായ ഇ.എം.എസ്. മന്ത്രിസഭയിലെ ഹരിജന ക്ഷേമവകുപ്പിന്റെയും പഞ്ചായത്തിന്റെയും ചുമതലയുള്ള മന്ത്രിയുമായിരുന്നു. നവോത്ഥാന കേരള മൂല്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കേരളത്തെ നയിച്ച കേരളത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടംകുളം സമരത്തിലും പാലിയം സമരത്തിലുമൊക്കെ നേതൃത്വം വഹിച്ച സഖാവ് ചാത്തൻ മാസ്റ്ററുടെ പേരിലുള്ള ഈ മന്ദിരം പണികഴിക്കാൻ എന്തുകൊണ്ടാണ് ഇത്ര കാലമായിട്ടും സാധിക്കാതിരുന്നത്? സഖാവ് വി. എസ്. അച്യുതാനന്ദന്റെ മന്ത്രിസഭയുടെ കാലത്ത് റവന്യൂ വകുപ്പുമന്ത്രിയായി സഖാവ് കെ. പി. രാജേന്ദ്രനും ഹരിജന ക്ഷേമവകുപ്പിന്റെ മന്ത്രിയായി ശ്രീ. എ. കെ. ബാലനും ചുമതലയിലുണ്ടായിരുന്നപ്പോഴാണ് ഉദ്ദേശ്യം 20

കോടിയോളം രൂപ ഈ കെട്ടിടത്തിനായി നീക്കിവച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഒരേക്കറിലധികം ഭൂമി പൂത്തോളിൽ ഇതിനുവേണ്ടി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എന്താണ് താമസം എന്നുള്ളത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം പി. ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ച സബ്മിഷൻ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പൂത്തോൾ ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പെൺകുട്ടികൾക്ക് ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ സബ്മിഷൻ. ഇതുസംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും 17-12-2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ ഈ തീരുമാനം അംഗീകരിക്കുകയും ചെയ്തിരുന്നു.

നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഈ ഹോസ്റ്റൽ പണിയണമെന്നാണ് അന്ന് തീരുമാനമെടുത്തത്. അതിന് മുന്നോടിയായി നാല് കോടിയോളം രൂപ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകുകയും ചെയ്തു. 'ബാബു ജഗ്ജീവൻറാം ഛത്രവാസ് യോജന' എന്ന പദ്ധതിയിലാണ് ഈ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചത്. പക്ഷെ നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനുമുൻപ് സംസ്ഥാന ഗവൺമെന്റ് പണം അനുവദിച്ചാലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുൻപ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടണം. അങ്ങനെ പണി ആരംഭിക്കുന്നതിനുമുൻപ് അനുവാദം കിട്ടിയില്ലെങ്കിൽ കേന്ദ്രം നമുക്ക് തരുന്ന ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കില്ല. കേന്ദ്ര അനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്നതിനുമുൻപ് സംസ്ഥാന ഗവൺമെന്റ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും തുക ലഭിക്കില്ല എന്നുള്ളതുകൊണ്ട് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചാലുടൻതന്നെ അവിടെ പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

നിർമ്മാണം പ്രവർത്തനം ആരംഭിക്കുകയും അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും എന്നാണ് പറയാനുള്ളത്. പി. കെ. ചാത്തൻമാസ്റ്റർ എന്നുപറയുന്നത് വലിയൊരു സാമൂഹിക പരിഷ്കർത്താവും നമ്മുടെ നാടിന്റെ മുന്നോട്ടുപോക്കിൽ വലിയ സംഭാവന ചെയ്ത മഹാനായ ഒരു കമ്മ്യൂണിസ്റ്റുകാരനുമാണ്. അദ്ദേഹത്തിന്റെ പേര് ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയാണ് തൃശ്ശൂർ പൂത്തോളിൽതന്നെ അദ്ദേഹത്തിനുവേണ്ടി ഒരേക്കർ സ്ഥലം മുൻ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചത്. ആ സ്ഥലത്താണ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട അംഗം ഇവിടെ 'ഹരിജനക്ഷേമ വകുപ്പ്' എന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ പറയാൻ പാടില്ലെന്ന് നമ്മൾ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിൽവരാനാണ് ഞാൻ പറയുന്നത്.

(8) <u>ബീനാച്ചി-പനമരം റോഡ് നിർമ്മാണം</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു സബ്മിഷനാണ് ഞാൻ സഭയിൽ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട

പി.ഡബ്ല്യു.ഡി. മന്ത്രിക്ക് നേരിട്ട് അറിയാവുന്നതും അദ്ദേഹം സന്ദർശിച്ചതുമായ ബീനാച്ചി-പനമരം പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കിഫ്ബിയിലൂടെ 54.4 കോടി രൂപ അനുവദിച്ച് 2018-19-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത റോഡിന്റെ പ്രവൃത്തി തമിഴ്നാട്ടിലുള്ള ആർ.എസ്. ഡെവലപ്മെന്റ് ആന്റ് കൺസ്ട്രക്ഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഏതാണ്ട് 22 കിലോമീറ്ററുള്ള ഈ റോഡ് സുൽത്താൻ ബത്തേരിയിൽ നിന്ന് ആരംഭിച്ച് മാനന്തവാടിയിലെ പനമരത്ത് അവസാനിക്കുകയാണ്. ഈ റോഡിലെ 16 കിലോമീറ്റർ മുഴുവനും ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ച് നിരത്തിയിട്ടിരിക്കുകയാണ്. യാത്ര ചെയ്യാൻ പോലും പറ്റാത്ത സ്ഥിതിയാണുള്ളത്. മാത്രമല്ല പല ഘട്ടങ്ങളിലും ഞാനും അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥന്മാർ എന്നിവർ ഉൾപ്പെടെയുള്ളവരെ വിളിച്ച് കമ്പനിയുമായി ചർച്ച നടത്തിയിരുന്നു. ഒടുവിൽ മന്ത്രിയോട് പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്ന ആവശ്യമറിയിച്ചതിനെത്തുടർന്നാണ് ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി അവിടെ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കിയത്. ഇതിൽ 16 കിലോമീറ്റർ

റോഡ് ഇന്ന് നടക്കാനോ യാത്രചെയ്യാനോ സാധിക്കാതെ കിടക്കുകയാണ്. ഈ ശോചനീയാവസ്ഥ കാരണം റോഡിന്റെ രണ്ട് വശങ്ങളിൽ താമസിക്കുന്ന വീട്ടുകാർ വലിയ അസ്വസ്ഥത നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് അവിടെ രാഷ്ട്രീയപരമായ നീക്കങ്ങൾ നടക്കുകയാണ്. മന്ത്രിയുടെ പാർട്ടിക്കാർ എം.എൽ.എ.-യെ കുറ്റപ്പെടുത്തുന്നു, ഞങ്ങളുടെ പാർട്ടിക്കാർ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു. ഞാൻ കഴിഞ്ഞ ദിവസം എന്റെ പ്രസംഗത്തിൽ ഈ കാര്യം പറഞ്ഞതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം മനസ്സിലായി, അങ്ങ് അവസാനിപ്പിക്കു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കൂടാതെ നിഷ്പക്ഷമായ വിവിധ സംഘടനകൾ വിവിധ സമരങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട റോഡെന്ന നിലയ്ക്ക് മന്ത്രി ഈ കാര്യത്തിൽ ഇടപെട്ട് ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. കൂടാതെ വാട്ടർ അതോറിറ്റിയുമായും കെ.എസ്.ഇ.ബി.എൽ.-മായും റവന്യൂ വകുപ്പുമായും ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ അതിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് നടക്കുന്നുവെങ്കിലും

അതൊരു പൂർത്തീകരണ ഘട്ടത്തിലേയ്ക്കെത്തിയിട്ടില്ല. അങ്ങ് നിലവിൽ ഇക്കാര്യവുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകുന്നുണ്ടെന്ന് അറിയാം, അതിന് ഒരു അവസാനം ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹവും മാനന്തവാടി എം.എൽ.എ. ശ്രീ. ഒ. ആർ. കേളുവും വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വങ്ങളും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ഈ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് ഞാൻ നേരിട്ട് പോയിരുന്നു. ഇത് കിഫ്ബി വഴി നടപ്പാക്കുന്ന 22 കിലോമീറ്റർ നീളമുള്ള റോഡ് നിർമ്മാണമാണ്. അതിൽ 12 കിലോമീറ്റർ സ്ഥലത്ത് പ്രവൃത്തിക്കാവശ്യമായ സ്ഥലം സ്വമേധയാ പരിസരവാസികൾ വിട്ടുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത്. പക്ഷെ പ്രവർത്തികളിലുണ്ടായ ചില ന്യൂനതകളുടെ ഭാഗമായി അത് മന്ദഗതിയിലാകുകയും കിഫ്ബി പ്രസ്തുത പ്രവൃത്തി സസ്പെന്റ് ചെയ്യുന്ന ഒരു സാഹചര്യവുമുണ്ടായി. കിഫ്ബിയുടെ പരിശോധനാ റിപ്പോർട്ടിന്മേലുള്ള

സസ്പെൻഷൻ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻവേണ്ടി കിഫ്ബിയോട് ഇതുമായി ബന്ധപ്പെട്ട് വിശദീകരണ റിപ്പോർട്ട് നൽകിക്കൊണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് കിഫ്ബി പരിശോധിച്ച് വരികയാണ്, അത് വേഗത്തിൽ പൂർത്തിയാകും എന്നാണ് മനസ്സിലാകുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പ്രവൃത്തി നടക്കുന്ന 12 കിലോമീറ്റർ GSB (Granular Sub-base)-ഉം WMM (Wet Mix Macadam)-ഉം ആണ് ചെയ്തിട്ടുള്ളത്, ടാറിംഗ് നടന്നിട്ടില്ല. BM&BC നടക്കാതെ അതിന്റെ ഭാഗമായിട്ടുള്ള കുഴികളാണ് വന്നിട്ടുള്ളത്. കിഫ്ബിയാണെങ്കിൽ വർക്ക് സസ്പെന്റ് ചെയ്തുമാണ്. അപ്പോൾ GSB-യുടെയും WMM-ന്റെയും ഭാഗമായിട്ടുള്ള പുനർനിർമ്മാണമാണ് സ്വാഭാവികമായും അവിടെ ചെയ്യാൻ സാധിക്കുന്നത്. GSB-യുടെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു, WMM-ന്റെ പ്രവൃത്തി ഇന്ന് ആരംഭിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കകം അത് പൂർത്തീകരിക്കാമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. GSB-യുടെയും WMM-ന്റെയും കുഴികൾ അടച്ച് തൽക്കാലത്തേയ്ക്ക് പ്രശ്നം പരിഹരിച്ച് പോകാൻ സാധിക്കുമെന്നാണ് കരുതുന്നത്. അങ്ങനെയാണ് വിവരം ലഭിച്ചത്. ഇക്കാര്യത്തിൽ നിലവിൽ

പ്രവൃത്തി നടക്കുന്ന മേഖലയിൽ നിശ്ചയിക്കപ്പെട്ടതുപോലെ നടക്കുമെന്ന് ഉറപ്പുവരുത്തുവാൻ KRFB-PMU പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകുന്നതാണ്. KRFB-PMU പ്രോജക്ട് ഡയറക്ടർ ഇതിന്റെ മറ്റ് കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കും. നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത ബാക്കി 10 കിലോമീറ്റർ സ്ഥലത്ത് സ്ഥല ലഭ്യതയില്ലാത്തതാണ് പ്രശ്നം. അതിന്റെ ഭാഗമായി തൽക്കാലം അറ്റകുറ്റപ്പണികൾ നടത്താൻ പറഞ്ഞിട്ടുണ്ട്. യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതും സ്ഥലം ലഭ്യതയും നടക്കുന്ന മുറയ്ക്ക് പ്രവൃത്തി പുന:ക്രമീകരിച്ച് പൂർത്തിയാക്കാനാണ് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നത്. ഇത് വയനാട്ടിലെ ഒരു പ്രധാനപ്പെട്ട റോഡാണ്. വളരെ പ്രാധാന്യമുള്ള വിഷയം എന്നുള്ള നിലയിൽ പൊതുമരാമത്ത് വകുപ്പ് ഈ വർക്കിന് ഉയർന്ന പരിഗണനയാണ് നൽകിയിരിക്കുന്നത്.

(9) വഴിമുക്ക്-കളിയിക്കാവിള പാത വികസനം

ശ്രീ. കെ. ആൻസലൻ: സർ, കരമന-കളിയിക്കാവിള പാതയുടെ വികസനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട അന്തർസംസ്ഥാന റോഡാണ്

കരമന-കളിയിക്കാവിള പാത. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഏകദേശം ഇരുപതുവർഷത്തോളമായി. ഒന്നാംഘട്ടമായി കരമന-പ്രാവച്ചമ്പലം പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രണ്ടാംഘട്ടമായി പ്രാവച്ചമ്പലം-കൊടിനട വരെയുള്ള പാതയുടെ നിർമ്മാണം പൂർത്തീകരിച്ചു. മൂന്നാംഘട്ടം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഒന്നര കിലോമീറ്റർ ദൂരം ഭൂമിയേറ്റെടുക്കുന്നതിനാവശ്യമായി ഏകദേശം 98 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. അവിടെയാണ് ബാലരാമപുരം ജംഗ്ഷനൾപ്പെടെവരുന്നത്. അവിടെ അടിപ്പാതയും ഫ്ലൈഓവറും നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലും അതിന്റെ ചർച്ചകളും അനന്തമായി നീളുന്നു. അതിനുശേഷമുള്ളതാണ് പ്രധാനപ്പെട്ട വഴിമുക്ക് മുതൽ കളിയിക്കാവിളവരെ ഏകദേശം പതിനെട്ട് കിലോമീറ്റർ അടുപ്പിച്ചുള്ള വിശാലമായ റോഡ് വരുന്നത്. ഇതിന്റെ അലൈൻമെന്റ് പൂർത്തീകരിച്ച് രണ്ടുഘട്ടമായി പൊതുജനാഭിപ്രായം സ്വീകരിച്ച് ആവശ്യമായ ആക്ഷേപങ്ങളും ഭേദഗതികളും ചർച്ച ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ വികസനം പ്രധാനപ്പെട്ടതാണ്. അങ്ങ് മന്ത്രിയായതിനുശേഷം റോഡിന്റെ വികസനം സംബന്ധിച്ച് എം.എൽ.എ.-

മാരുടെ യോഗം വിളിച്ചുചേർത്തു. അതിൽ തലസ്ഥാന നഗരത്തിന്റെ വികസനമാണ് ഏറ്റവുംകൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. തലസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ അന്തർസംസ്ഥാന പാത ചരിത്രത്തിന്റെ ഭാഗമാണ്. രാജഭരണ കാലത്ത് തിരുവിതാംകൂറിലെയും തിരു-കൊച്ചിയിലെയും ഭരണാധികാരികൾ സഞ്ചരിച്ചിരുന്ന പ്രധാനപ്പെട്ട റോഡുകൂടിയാണിത്. ഇപ്പോഴത്തെ വലിയ പ്രശ്നം എന്താണെന്നുവച്ചാൽ, ബാലരാമപുരം മുതൽ കൊടിനടവരെ റോഡ് വികസനം വന്നിട്ടുണ്ട്. നൂറുകണക്കിന് വാഹനങ്ങൾ അവിടെ വന്ന് തിങ്ങിഞെരുങ്ങി കുപ്പി കഴുത്തുപോലെ ബാലരാമപുരത്ത് എത്തിയതിനുശേഷം വഴിമുക്ക് കടന്നുപോകുന്നതിന് മണിക്കൂറുകളോളം സമയം എടുക്കുന്നു. തമിഴ്നാട്ടിൽനിന്നടക്കം നിരവധി വാഹനങ്ങൾ വന്നുചേരുന്ന പ്രധാനപ്പെട്ട റോഡായതുകൊണ്ട് ഈ റോഡിൽ മണിക്കൂറുകളോളം ട്രാഫിക് പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തീകരിക്കേണ്ടതുണ്ട്. അവിടെ ആക്ഷേപകരമായ പ്രവർത്തനം ഇപ്പോൾ നടക്കുകയാണ്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെ നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിലാണ്

ഇപ്പോൾ റോഡ് നിലവിലുള്ളത്. റോഡിൽ നിരവധി പ്രദേശത്ത് അഗാധമായ ഗർത്തങ്ങളുണ്ട്. അതിനാൽ നിരവധി റോഡപകടങ്ങളും മരണങ്ങളും സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് റീ-ടാറിംഗ് ചെയ്തിട്ട് പന്ത്രണ്ട് വർഷത്തിലധികമായി. വലിയ കുഴികൾ രൂപപ്പെട്ടതിന്റെ ഭാഗമായി യാത്രകൾ അസൗകര്യമാകുന്ന ഘട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി റോഡിന്റെ ഇരുവശവും ഇന്റർലോക്ക് ചെയ്യുകയും റോഡിൽ മാർക്ക് ചെയ്ത് സ്റ്റഡ് പതിപ്പിച്ചുകൊണ്ട് ആക്ഷേപകരമായൊരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ ആക്ഷേപം വന്നുപതിക്കുന്നത് സംസ്ഥാന ഗവൺമെന്റിനും ജനപ്രതിനിധികൾക്കുനേരെയാണ്. തകർന്നുകിടക്കുന്ന റോഡിൽ മാർക്ക് ചെയ്ത് ഇത്തരം പ്രവൃത്തി ചെയ്യുന്ന നാഷണൽ ഹൈവേ അതോറിറ്റി റോഡിലെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇടപെട്ടിട്ടില്ല. അങ്ങുടെ പ്രധാനപ്പെട്ട ഇടപെടൽ ഇക്കാര്യത്തിൽ പ്രത്യേകമായി ഉണ്ടാകണമെന്ന് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം കെ. ആൻസലൻ ഉന്നയിച്ചിട്ടുള്ള വിഷയം വഴിമുക്ക്-കളിയിക്കാവിള വരെയുള്ള ദേശീയ പാത

അറുപത്തിയാറിന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. ദേശീയപാത നാലുവരി പാത രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുന്നതാണ് ഈ പറയുന്ന റോഡും അതിന്റെ വികസനവും. ഇതിന്റെ കരട് അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇനി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളും പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുമാണ് നടക്കാനുള്ളത്. ഏകദേശം 24.7080 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂമി ഏറ്റെടുക്കുന്നതടക്കം കിഫ്ബിയാണ് ഫണ്ട് അനുവദിക്കുന്നത്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ കൃത്യമായ അളവുകൾ തയ്യാറാക്കാൻ കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് ടീമിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തിയും ആരംഭിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗത്തിൽ ഈവിഷയം ചർച്ച ചെയ്യുകയും ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. കെ. ആൻസലൻ രണ്ട് തവണ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി, ഇത് അതിവേഗത്തിൽ ഇടപെടേണ്ട

വിഷയമാണെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. ഇനി എന്താണ് സ്വീകരിക്കേണ്ടതെന്നതിനെ സംബന്ധിച്ച് അതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ഉൾപ്പെടെ പരിശോധിച്ചുകൊണ്ട് മറ്റ് നടപടികൾ കൈക്കൊള്ളാം.

(10) മെഡിക്കൽ കോളേജിന്റെ വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ മുളംകുന്നത്ത് കാവിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി ട്രോമാകെയർ കെട്ടിടം പൂർത്തിയാക്കുന്നതിനും എമർജൻസി മെഡിസിൻ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അനുബന്ധ വിഭാഗങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, നിയോനാറ്റോളജി വിഭാഗം, കാർഡിയോളജി, റേഡിയോ ഡയഗ്നോസിസ് തുടങ്ങിയ വിഭാഗങ്ങൾ പൂർത്തിയാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി നടപടികൾ സ്വീകരിക്കണമെന്നതാണ് സബ്മിഷൻ. ഇന്ന് മധ്യകേരളത്തിലെ മികച്ച ആരോഗ്യ സ്ഥാപനമാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. 1982-ൽ സ്ഥാപിതമായ മെഡിക്കൽ കോളേജ് ഇപ്പോൾ 250 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ആരോഗ്യ സർവ്വകലാശാല, ദന്തൽ കോളേജ്, നേഴ്സിംഗ് കോളേജ്, അർബുദരോഗ ചികിത്സാകേന്ദ്രം ഉൾപ്പെടുന്ന

നെഞ്ച് രോഗാശുപത്രി എന്നിവ ഈ കോമ്പൗണ്ടിലാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ ജില്ലയിലേയും സമീപ ജില്ലകളിലേയും രോഗികളുടെ പ്രധാന ആശ്രയമാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതിനെ ആരോഗ്യ സർവ്വകലാശാലയുടെ ക്യാമ്പസ് കോളേജായി ഉയർത്താൻ തീരുമാനിച്ചു. ഇതിന്റെ നടപടികൾ വേഗത്തിലാക്കണം. ട്രോമാ ട്രയാജ് കെട്ടിട നിർമ്മാണത്തിന്റെ പതിനഞ്ച് ശതമാനം ജോലി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളൂ. ഇത് അടിയന്തരമായും പൂർത്തിയാക്കി ഉദ്ഘാടനം നടത്തണം. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പുതിയ നിർദ്ദേശമനുസരിച്ച് എം.ബി.ബി.എസ്.-ന് പഠിപ്പിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പ്രത്യേക എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കേണ്ടതുണ്ട്. അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് കേന്ദ്രീകൃത ചികിത്സ ലഭ്യമാക്കാൻ ഇതുവഴി സാധിക്കും. തൃശ്ശൂർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കേണ്ടതുണ്ട്. കിഫ്ബിയിൽനിന്നും 277.76 കോടി രൂപ വകയിരുത്തി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്നു. കിഫ്ബി മുഖാന്തരമുള്ള

മറ്റ് നടപടികൾ പൂർത്തിയാക്കി ഇത് നടപ്പിലാക്കിയാൽ മദ്ധ്യകേരളത്തിലെ മാതൃ-ശിശു ചികിത്സയ്ക്ക് ശക്തി പകരുന്ന ഒന്നായിമാറും. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഡി.പി.ആർ. കിഫ്ബി ബോർഡ് 2021 മാർച്ച് മാസത്തിൽ അംഗീകരിച്ചു. നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി നൽകിയിരുന്നു. 151 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കണം. എന്നാൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ഉടൻ ഇവിടെ ആരംഭിക്കാൻ കഴിയും. നിലവിൽ കാർഡിയോളജിക്ക് പ്രൊഫസർ തസ്തിക ഇല്ലാത്ത ഏകമെഡിക്കൽ കോളേജാണ് തൃശ്ശൂരിലേത്. ഇവിടെ കാർഡിയോളജി സൂപ്പർ സ്പെഷ്യാലിറ്റി ഡി.എം. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഈ കോഴ്സ് നിലനിൽക്കണമെന്നുണ്ടെങ്കിൽ പ്രൊഫസർ തസ്തിക സൃഷ്ടിക്കുകയോ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയ തസ്തിക തിരിച്ചുകൊണ്ടുവരുകയോ ചെയ്യേണ്ടതുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ പ്രത്യേകിച്ച് അട്ടപ്പാടിയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നവജാത ശിശുക്കളുടെ

ചികിത്സയ്ക്കായി ആശ്രയിക്കുന്ന ഏകമെഡിക്കൽ കോളേജാണ് തൃശ്ശൂർ. നവജാത ശിശുരോഗ വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡി.എം. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ നവജാത ശിശുരോഗ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കാൻ കഴിയും.

<u>മി. സ്പീക്കർ</u>: സബ്മിഷനാണ് അവതരിപ്പിക്കുന്നത്. വളരെ വിശദമായി പോകരുത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, പുതിയതായി പത്ത് കിലോലിറ്റർ ശേഷിയുള്ള ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ടാങ്ക് സ്ഥാപിച്ചാൽ കോവിഡ് കാലഘട്ടത്തിൽ ഓക്സിജന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. നിലവിൽ എച്ച്.എൽ.-ന്റെ 1.5 tesla ശേഷിയുള്ള എം.ആർ.ഐ. സ്കാനിംഗ് യന്ത്രമാണ് തൃശ്ശൂർ മെഡിക്കൽ കോളേജിലുള്ളത്. ഗവൺമെന്റ് നേരിട്ട് മെഡിക്കൽ കോളേജിൽ 3 tesla ശേഷിയുള്ള എം.ആർ.ഐ. സ്കാനിംഗ് യന്ത്രം സ്ഥാപിക്കുകയാണെങ്കിൽ എം.ആർ.ഐ. സ്കാനിംഗിനുവേണ്ടി രോഗികൾ മാസങ്ങളോളം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സാധിക്കും......

<u>മി. സ്പീക്കർ</u>: ഇത്രയും വിശദമായി സബ്മിഷൻ അവതരിപ്പിക്കാൻ സാധിക്കില്ല. അങ്ങയുടെ ആവശ്യം എന്താണെന്ന് പറയൂ.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗഹൃദമായ ആശുപത്രി ഉണ്ടാകുന്നതിനുവേണ്ടി തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സമഗ്രവികസനമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ Centre of Excellence ആക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മൾ തുടരുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ അതേരീതിയിൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകുകയാണ്. പ്രത്യേകിച്ച്, ആഗോള റാങ്കിംഗിൽ മെഡിക്കൽ കോളേജുകൾ മികച്ച ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും തുടരുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതുതായി Mother & Child block, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്.

'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചു. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ രണ്ട് സീറ്റോടുകൂടി ഡി.എം. കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി. കാൻസർ രോഗികൾക്കായി കീമോ ഡെ-കെയർ സെന്റർ പണികഴിപ്പിച്ചു. സി.ടി. സ്കാനർ സ്ഥാപിച്ചു. അതുപോലെ, 716.07 കോടി രൂപ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ട്രോമാ കെയർ സംബന്ധിച്ച കാര്യങ്ങൾ സുദീർഘമായതിനാൽ ഞാനത് മേശപ്പുറത്തു വയ്ക്കുന്നു+. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയുന്നു. ട്രോമ കെയർ

+ അനുബന്ധമായി ചേർക്കുന്നു.

സംബന്ധിച്ച വിഷയം നാലുമാസത്തിനുള്ളിൽ അതിന്റെ പണി തീർക്കുമെന്ന് H.L.L ഉറപ്പുനൽകിയിട്ടുണ്ട്. എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് കോഴിക്കോട്ടും തിരുവനന്തപുരത്തും കോട്ടയത്തുമുണ്ട്. തൃശ്ശൂരും ആരംഭിക്കേണ്ടതിനാൽ അത്യാവശ്യമായി അതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. ട്രോമാ കെയർ നിലവിൽ വരുന്ന മുറയ്ക്ക് NMC (National Medical Commission)-യുടെ നിബന്ധനകൾ പ്രകാരം അത്യന്താപേക്ഷിതമായ എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കും. ബാക്കി ഉത്തരങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

\+ അനുബന്ധമായി ചേർക്കുന്നു.